"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട പറക്കോട് എൻ. എസ്. എൽ. പി. എസ്. - 2024-25 വർഷത്തെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4404/2026/GEDN തീയതി,തിരുവനന്തപുരം, 02-07-2026

---

പരാമർശം:-

1. പത്തനംതിട്ട പറക്കോട് എൻ. എസ്. എൽ. പി. എസ്. മാനേജർ സമർപ്പിച്ച 28.11.2025 തീയതിയിലെ റിവിഷൻ ഹർജി.
2. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.03.2026 തീയതിയിലെ AEOADR/156/2026-C നമ്പർ കത്ത്.
3. പത്തനംതിട്ട ഉപഡയറക്ടറുടെ 13.04.2026 തീയതിയിലെ ഡി.ഡി.ഇ.പി.റ്റി.എ/784/2026-ബി2 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.04.2026 തീയതിയിലെ DGE/6102/2026-RA4 നമ്പർ കത്ത്.

**ഉത്തരവ്**

പറക്കോട് എൻ.എസ്.എൽ.പി. സ്കൂളിൽ 2024-25 അധ്യയന വർഷം ആറാം സാധ്യായ ദിവസം ഇല്ലാതിരിക്കുകയും 24/06/2018 തീയതിയിൽ വാലിഡ് യു.ഐ.ഡി. ലഭ്യമാക്കുകയും ചെയ്ത ഒന്നാം ക്ലാസിലെ രണ്ടു കുട്ടികളെ കൂടി കണക്കിലെടുത്ത് 2024-25 അധ്യയന വർഷത്തെ തസ്തിക നിർണയ ഉത്തരവ് പുനഃപരിശോധിച്ച് ടി സ്കൂളിനെ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി തുടരുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 13/04/2026 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടിരുന്നു.

2. അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാരപരിധിയിലുള്ള പറക്കോട് എൻ.എസ്.എൽ.പി. സ്കൂളിൽ 2024-25 അധ്യയനവർഷം ആറാം പ്രവർത്തി ദിവസം 1 മുതൽ 4 വരെ ക്ലാസ്സുകളിലുണ്ടായിരുന്ന കുട്ടികളുടെ എണ്ണം ചുവടെ വിവരിക്കുന്നു.

| ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 25 | 11 | 13 | 13 | 62 |

6-ാം പ്രവർത്തി ദിവസം 1-ാം ക്ലാസ്സിൽ റോളിലുണ്ടായിരുന്ന 25 കുട്ടികളിൽ മൂന്ന് പേർക്ക്

UID ലഭ്യമായിരുന്നില്ല. ഇക്കാരണത്താൽ 2024-25 വർഷം ടി മൂന്ന് കുട്ടികളെ ഒഴിവാക്കി UID ഉണ്ടായിരുന്ന ചുവടെ കാണിച്ചിരിക്കുന്ന കുട്ടികളെ കണക്കാക്കിയാണ് 08/07/2024 തീയതിയിലെ C/738371/2024 നമ്പർ ഉത്തരവ് പ്രകാരമാണ് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചത്.

| ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 25 | 11 | 13 | 13 | 59 |

08/07/2024 തീയതിയിലെ C/738371/2024 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളായി മാറി. 09/05/2024 - ലെ ജി.ഒ.(എം.എസ്.)നം.46/2024/പൊ.വി.വ. നമ്പർ ഉത്തരവ്, 30/05/2024 തീയതിയിലെ ഡി.ജി.ഇ.7208/2024-എച്ച്2 നമ്പർ സർക്കുലർ എന്നിവയിൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിന് 6-ാം പ്രവർത്തി ദിവസം സമ്പൂർണ്ണയിൽ വാലിഡ് UID ഉള്ള കുട്ടികളെ മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിരുന്നെന്നും തുടർന്ന് 6-ാം സാധ്യായദിവസത്തിനുള്ളിൽ UID സമർപ്പിക്കാൻ സാധിക്കാത്ത കുട്ടികളുടെ UID വാലിഡേറ്റ് ചെയ്യുന്നതിന് 24/06/2024 വരെ സമയം ദീർഘിപ്പിച്ചും ഇൻവാലിഡ് UID ഉള്ള സ്കൂളുകളുടെ തസ്തികനിർണ്ണയം 25/06/2024 മുതൽ നടത്താവുന്നതാണെന്ന് വ്യക്തമാക്കിയും 20/06/2024 തീയതിയിൽ H2/DGE/9439/2024 നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നെന്നും ഇതു കൂടാതെ 08/07/2024 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ NEP/1/6440/DGE നമ്പർ കത്തിൽ UID ഉള്ള കുട്ടികൾ സ്കൂളിൽ പഠിക്കുകയും എന്നാൽ യഥാസമയം UID അപ്‌ലോഡ് ചെയ്യാൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ടെങ്കിൽ ആയത് ബോധ്യപ്പെട്ട് 6-ാം പ്രവർത്തി ദിവസത്തെ കണക്കിൽ ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും പ്രസ്തുത സർക്കുലറിലെയും കത്തിലെയും നിർദ്ദേശാനുസരണം 24/06/2024 തീയതിക്കു മുമ്പായി ഒന്നാം ക്ലാസ്സിൽ 6-ാം പ്രവർത്തിദിനത്തിൽ UID ലഭ്യമാകാതിരുന്ന ചുവടെ വിവരിക്കുന്ന 2 കുട്ടികൾക്ക് UID ലഭ്യമായതിനെ തുടർന്ന് ടി കുട്ടികളുടെ UID സമ്പൂർണ്ണയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിരുന്നുവെന്നും

| ക്രമ നമ്പർ | അഡ്മിഷൻ തീയതി | കുട്ടിയുടെ പേര് | ക്ലാസ്സ് | UID നമ്പർ | UID ലഭ്യമായ തീയതി |
|---|---|---|---|---|---|
| 1 | 2753 | സാനു കൃഷ്ണ എസ്. | I | 478487404371 | 15/06/2024 |
| 2 | 2754 | അതുല്യ സി. | I | 850607185675 | 18/06/2024 |

എന്നാൽ ടി കുട്ടികളെ കണക്കിലെടുക്കാതെയാണ് 08/07/2024-ലെ സി/38371/2024 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ഇതിനെ തുടർന്ന് 08/07/2024-ലെ സി/38371/2024 നമ്പർ ഉത്തരവിന്മേൽ കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12 D പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ അപ്പീൽ ഹർജി സമർപ്പിക്കുകയും ആയത് 24/12/2024 തീയതിയിലെ B2/7599916/2024 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചുത്തരവായിരുന്നുവെന്നും ടി ഉത്തരവിനെതിരായി ചട്ടം 12 E

പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ ഹർജിയും 08/07/2025 തീയതിയിലെ R.A4/808882/2025 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചുവെന്നും 08/07/2025 തീയതിയിലെ R.A4/808882/2025 നമ്പർ ഉത്തരവിന്മേൽ ഹർജിക്കാരൻ സർക്കാർ മുമ്പാകെ 25/11/2025 തീയതിയിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും 24/06/2024 തീയതിക്കു മുമ്പായി വാലിഡ് UID ലഭ്യമാക്കിയ മേൽ ഖണ്ഡിക 2 - ൽ പറഞ്ഞിരിക്കുന്ന രണ്ട് കുട്ടികളെക്കൂടി കണക്കിലെടുത്ത് 2024-25 വർഷത്തെ 08/07/2024-ലെ സി/738371/2024 തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് ടി സ്കൂളിനെ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്നാണ് ഹർജിക്കാരൻ അപേക്ഷിച്ചിരുന്നത്. കൂടാതെ ചുവടെ വിവരിക്കുന്ന കാരണത്താൽ 25/11/2025-ലെ റിവിഷൻ ഹർജിയിലെ ആവശ്യം അനുവദിക്കണമെന്ന് ഹർജിക്കാരൻ അപേക്ഷിച്ചിരുന്നു:-

a) 2024-25 അധ്യായന വർഷം 6-ാം സാധ്യായ ദിവസം UID ഇല്ലാതിരുന്ന രണ്ട് കുട്ടികൾക്കും പിന്നീട് നിശ്ചിത സമയപരിധിക്കുള്ളിൽ UID ലഭ്യമാക്കുകയും സമ്പൂർണ്ണയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിരുന്നു. ടി കുട്ടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അഡ്മിഷൻ തീയതി | കുട്ടിയുടെ പേര് | ക്ലാസ്സ് | UID നമ്പർ | UID ലഭ്യമായ തീയതി |
|---|---|---|---|---|---|
| 1 | 2753 | സാനു കൃഷ്ണ എസ്. | I | 478487404371 | 15/06/2024 |
| 2 | 2754 | അതുല്യ സി. | I | 850607185675 | 18/06/2024 |

b) ക്രമ നമ്പർ (1), (2) കുട്ടികളുടെ UID 24/06/2024 ന് മുമ്പായി ലഭിക്കുകയും സമ്പൂർണ്ണയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുള്ളതിനാൽ ടി രണ്ട് കുട്ടികളെക്കൂടി കണക്കിലെടുത്ത് 2024-25 വർഷത്തെ തസ്തിക നിർണ്ണയം പുനഃപരിശോധിക്കാവുന്നതാണെന്നും ഇപ്രകാരം രണ്ട് കുട്ടികളെക്കൂടി കണക്കാക്കി തസ്തിക നിർണ്ണയം പുന:പരിശോധിക്കുന്നതുമൂലം അധിക തസ്തികയോ അദ്ധ്യാപക/അനദ്ധ്യാപക നിയമനമോ ടി സ്കൂളിൽ നടത്താനാവുന്നതല്ലെന്നും അപ്രകാരം നിയമനം നടത്തിയിട്ടുമില്ലെന്നും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിൽ തസ്തിക റദ്ദാക്കപ്പെടുന്നില്ലെന്നും എല്ലാ തസ്തികകളും അംഗീകൃത തസ്തികകളായി നിലനിൽക്കുന്നതാണെന്നും അതിനാൽ 08/07/2024-ലെ സി/738371/2024 തസ്ത്ിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിക്കപ്പെടുന്നതിലൂടെ 2024-25 വർഷം ടി സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറുമെന്നതല്ലാതെ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും സംഭവിക്കുന്നതല്ലെന്നും ടി കുട്ടികൾ നിലവിൽ സ്കൂളിൽ പഠനം തുടരുന്നവരും 2024-25 വർഷം ഇവർക്ക് ഉച്ചഭക്ഷണം സൗജന്യപാഠപുസ്തകം, യൂണിഫോം മറ്റ് അർഹമായ ആനുകൂല്യങ്ങൾ എന്നിവയെല്ലാം ലഭിച്ചിട്ടുള്ളതുമാണ്.

c) സമാന കേസുകളിൽ 2023-24 വർഷം യു.ഐ.ഡി ഇൻവാലിഡ് ആയ കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കുന്നതിന് 07/08/2023 വരെ സമയം അനുവദിച്ചിരുന്നെന്നും ഇപ്രകാരം ദീർഘിപ്പിച്ച് നൽകിയ സമയപരിധിയായ 07/08/2023 തീയതിക്കു ശേഷം 08/08/2023 തീയതിയിൽ വാലിഡ് യു.ഐ.ഡി. ഉള്ള (ie. പുതുതായി യു.ഐ.ഡി നേടിയതോ അഥവാ ഇൻവാലിഡ് യു.ഐ.ഡി വാലിഡ് ആക്കി ലഭ്യമായതോ ആയ) കുട്ടികളുടെ എണ്ണത്തിന്റെ

അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകി 27/03/2025 തീയതിയിലെ G.O.(Rt)No.2284/2025/GEDN ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കേസിൽ 2023-24 വർഷം ഇൻവാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി തസ്തിക നിർണ്ണയത്തിന് പരിഗണിക്കാനാണ് ഉത്തരവുണ്ടായിരുന്നതെങ്കിലും യു.ഐ.ഡി ലഭ്യമാക്കിയ കുട്ടികളെയും കൂടി പരിഗണിക്കാനാണ് ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണെന്നും അതുപോലെ തന്നെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2025-26 വർഷത്തെ തസ്തിക നിർണ്ണയം 14/07/2025 തീയതിവരെ യു.ഐ.ഡി ലഭിച്ച കുട്ടികളെ ഉൾപ്പെടുത്തി പുനഃനിർണ്ണയം ചെയ്യുന്നതിന് അനുമതി നൽകി 11/01/2026 തീയതിയിലെ DGE/9368/2025/2024/H2 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും മേൽ സർക്കാർ ഉത്തരവിന്റെയും സർക്കുലറിന്റെയും വെളിച്ചത്തിൽ ടി സ്കൂളിലെ 2024-2025 വർഷത്തെ തസ്തക നിർണ്ണയം 24/06/2024 തീയതിയിൽ വാലിഡ് യു.ഐ.ഡി ലഭ്യമാക്കിയ 1-ാം ക്ലാസ്സിലെ രണ്ടു കുട്ടികളെക്കൂടി ഉൾപ്പെടുത്തി പുനഃനിർണ്ണയം ചെയ്ത് ടി സ്കൂളിനെ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി അംഗീകാരം നൽകാവുന്നതാണെന്നും മേൽ വിവരിച്ച കാരണങ്ങളും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെടുന്ന മറ്റിതര കാരണങ്ങളും പരിഗണിച്ച് 24/06/2024 തീയതിയിൽ വാലിഡ് യു.ഐ.ഡി. ലഭ്യമാക്കിയ 1-ാം ക്ലാസ്സിലെ രണ്ട് കുട്ടികളെക്കൂടി കണക്കിലെടുത്ത് 2024-25 അധ്യായന വർഷത്തെ 08/07/2024-ലെ സി/738371/2024 തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് ടി സ്കൂളിനെ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് ഹർജിക്കാരൻ അപേക്ഷിച്ചിരിക്കുന്നു.

3. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12-ൽ വരുത്തിയ ഭേദഗതി പ്രകാരവും 09/05/2024-ലെ സ.ഉ.(കൈ)നം.46/2024/പൊവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കർശനമായ നിർദ്ദേശം ലഭിച്ചിരുന്നുവെന്നും ഇതനുസരിച്ച്, ആറാം പ്രവൃത്തി ദിനത്തിലെ വിദ്യാർത്ഥികളുടെ എണ്ണവും അവരുടെ UID നിലയും മാത്രമാണ് തസ്തിക നിർണ്ണയത്തിന് അടിസ്ഥാനമായി പരിഗണിക്കേണ്ടതെന്ന് 09/05/2024-ലെ ഡിജിഇ/9439/2024-എച്ച്2, 30/05/2024-ലെ ഡിജിഇ/7208/2024-എച്ച്2 എന്നീ നമ്പർ സർക്കുലറുകൾ മുഖേന വ്യക്തമാക്കിയിട്ടുണ്ടായിരുന്നെന്നും അതിൻപ്രകാരം, ആറാം പ്രവൃത്തി ദിനമായ 10/06/2024-ന് നിലവിലുണ്ടായിരുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളും അവരുടെ UID വിവരങ്ങളും മാത്രമാണ് നിയമപരമായി പ്രസക്തമാകുന്നതെന്നും ഈ സാഹചര്യത്തിൽ, UID ഉണ്ടായിരിക്കുക എന്നതും Valid UID ആയിരിക്കുക എന്നതും തമ്മിലുള്ള വ്യത്യാസം പ്രത്യേകം ശ്രദ്ധേയമാണെന്നും ആറാം പ്രവൃത്തി ദിനത്തിൽ ഓരോ വിദ്യാർത്ഥിക്കും UID ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണെന്നും UID ഇല്ലാത്ത വിദ്യാർത്ഥികളെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെന്നും അതേസമയം ആറാം പ്രവൃത്തി ദിനത്തിൽ UID ഉണ്ടായിരുന്നുവെങ്കിലും സാങ്കേതിക പിഴവുകൾ മൂലം അത് Invalid ആയി കാണപ്പെട്ടിരുന്ന കേസുകളിൽ, 20/06/2024-ലെ ഡിജിഇ/9439/2024-എച്ച്2 നമ്പർ സർക്കുലർ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ (24/06/2024 വരെ) അത് തിരുത്താനുള്ള അവസരം അനുവദിച്ചിട്ടുണ്ടായിരുന്നെന്നും എന്നാൽ, ഇത് ഇതിനകം ഉണ്ടായിരുന്ന UID തിരുത്തൽ എന്ന പരിധിയിൽ മാത്രമാണ് ബാധകമാകുന്നതെന്നും ആറാം പ്രവൃത്തി ദിനത്തിന് ശേഷം പുതുതായി UID സൃഷ്ടിക്കുകയോ

ചേർക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾക്ക് ഇത് ബാധകമല്ലെന്നും പറക്കോട് എൻ.എസ്.എൽ.പി. സ്കൂളിൽ ആറാം പ്രവൃത്തി ദിനത്തിൽ ആകെ 62 വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവെങ്കിലും, അവരിൽ 59 പേർക്ക് മാത്രമാണ് വാലിഡ് UID ഉണ്ടായിരുന്നതെന്നും ഒന്നാം ക്ലാസ്സിലെ മൂന്ന് വിദ്യാർത്ഥികൾക്ക് ആറാം പ്രവൃത്തി ദിനത്തിൽ UID ഉണ്ടായിരുന്നില്ലെന്നും പിന്നീട് 15/06/2024-ന് ഈ കുട്ടികളുടെ UID വിവരങ്ങൾ സമർപ്പിച്ചതായി മാനേജർ വാദിക്കുന്നുവെന്നും എന്നാൽ, ഈ UID വിവരങ്ങൾ ആറാം പ്രവൃത്തി ദിനത്തിന് ശേഷം പുതുതായി ഉൾപ്പെടുത്തിയവയാകുന്നതിനാൽ, ഇവയെ Invalid UID തിരുത്തൽ എന്ന നിലയിൽ പരിഗണിക്കാൻ സാധിക്കില്ലെന്നും അതിനാൽ, പ്രസ്തുത വിദ്യാർത്ഥികളെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്താൻ നിയമപരമായ സാധുതയില്ലെന്നും 09/05/2024-ലെ ഡിജിഇ/9439/2024-എച്ച്2, 30/05/2024-ലെ ഡിജിഇ/7208/2024-എച്ച്2 എന്നീ സർക്കുലറുകളിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച്, ആറാം പ്രവൃത്തി ദിനത്തിലെ വാലിഡ് UID ഉള്ള വിദ്യാർത്ഥികളുടെ എണ്ണം മാത്രമാണ് പരിഗണിക്കാവുന്നതെന്നും 06/11/2012 തീയതിയിലെ 58604/J2/12/G.Edn സർക്കുലർ പ്രകാരം ഒരു എൽ.പി (LP) സ്കൂളിൽ (1 മുതൽ 4 വരെ ക്ലാസ്സുകൾ) മിനിമം അധ്യാപക തസ്തികകൾ അനുവദിക്കണമെങ്കിൽ കുറഞ്ഞത് 60 കുട്ടികളെങ്കിലും ഉണ്ടായിരിക്കണമെന്നും പറക്കോട് സ്കൂളിൽ വാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം 59 മാത്രമാണെന്നും ഇത് മേൽപ്പറഞ്ഞ സർക്കുലർ പ്രകാരം എൽ.പി. വിഭാഗത്തിന് ആവശ്യമായ മിനിമം കുട്ടികളുടെ എണ്ണമായ 60-ൽ കുറവാണെന്നും ഇപ്രകാരം 60 കുട്ടികളിൽ താഴെ വന്ന സാഹചര്യത്തിലാണ് അടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വിദ്യാലയത്തെ മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതെന്നും സർക്കാർ ഉത്തരവുകളും സർക്കുലറുകളും അനുസരിച്ചാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും നടപടി സ്വീകരിച്ചിരിക്കുന്നതെന്നും ആറാം പ്രവൃത്തി ദിവസത്തിന് ശേഷം ലഭ്യമായ UID വിവരങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാനാവില്ലെന്നും അതിനാൽ മാനേജർ സമർപ്പിച്ച റിവിഷൻ അപേക്ഷ ചട്ട പ്രകാരം അംഗീകരിക്കാൻ സാധ്യമല്ലെന്ന് പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗ് സമയത്തെ വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പറക്കോട് എൻ.എസ്.എൽ.പി. സ്കൂളിലെ 2024-25 വർഷത്തെ തസ്തിക നിർണയം സംബന്ധിച്ച് സമ്പൂർണ്ണയിലെ ആറാം പ്രവർത്തി ദിനത്തിൽ വാലിഡ് യു.ഐ.ഡി ഉള്ള 59 കുട്ടികളാണ് ഉണ്ടായിരുന്നത്. 09/05/2024 തീയതിയിലെ ജി.ഒ.(എം.എസ്) നം.46/2024 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആറാം പ്രവർത്തി ദിനത്തിലെ വിദ്യാർത്ഥികളുടെ എണ്ണവും അവരുടെ UID നിലയും മാത്രം പരിഗണിച്ച് ആണ് തസ്തിക നിർണയം നടത്തിയിട്ടുള്ളത്.

5. ആറാം സാധ്യായ ദിവസത്തിനുള്ളിൽ UID സമർപ്പിക്കാൻ സാധിക്കാത്ത കുട്ടികളുടെ UID വാലിഡേറ്റ് ചെയ്യുന്നതിന് 24/06/2024 വരെ സമയം അനുവദിച്ചിരുന്നു. 24/06/2024 തീയതിക്ക് മുമ്പ് ഒന്നാം ക്ലാസിലെ രണ്ടു കുട്ടികൾക്ക് കൂടി UID ലഭ്യമായിരുന്നു. ഈ രണ്ടു കുട്ടികളെ കൂടി കണക്കിലെടുത്ത് 2024-25 അധ്യയന വർഷത്തെ തസ്തിക നിർണയ ഉത്തരവും പരിശോധിക്കണമെന്നും ഇങ്ങനെ രണ്ട് കുട്ടികളെ കൂടി ഉൾപ്പെടുത്തി തസ്തികനിർണയം പുനഃപരിശോധിക്കുന്നത് മൂലം അധിക തസ്തികയോ അധിക അദ്ധ്യാപക/അനദ്ധ്യാപക

നിയമനമോ ടി സ്കൂളിൽ നടത്തേണ്ടി വരുന്നില്ല എന്നും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുന്നില്ല എന്നതുമാണ് മാനേജരുടെ വാദം.

6. കെ.ഇ.ആർ. അദ്ധ്യായം XXIII, ചട്ടം 12 ൽ വരുത്തിയ ഭേദഗതി പ്രകാരം (SRO 375/2022) ഓരോ അധ്യയന വർഷവും ആറാം പ്രവൃത്തി ദിനത്തിൽ പ്രവേശനം നേടുന്ന യുഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. ആറാം പ്രവർത്തി ദിനത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ ആ വർഷത്തെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കണമെങ്കിൽ മേൽ ചട്ടത്തിൽ ഇളവ് ആവശ്യമാണ്. ഇപ്രകാരമുള്ള ഇളവ് 2024-2025 വർഷം നൽകിയിട്ടില്ല. 2024-2025 വർഷത്തിൽ ആറാം പ്രവർത്തി ദിനത്തിൽ യു.ഐ.ഡി. ഉണ്ടായിരുന്നെങ്കിലും സാങ്കേതിക പിഴവുകൾ മൂലം യു.ഐ.ഡി. ഇൻവാലിഡ് ആയി കാണപ്പെട്ടിരുന്ന കേസുകളിൽ അത് തിരുത്തുന്നതിന് 24/06/2024 വരെ സമയപരിധി അനുവദിച്ചിരുന്നു. എന്നാൽ, ഇത് ആറാമത്തെ പ്രവർത്തി ദിനത്തിൽ <u>ഉണ്ടായിരുന്ന UID തിരുത്തൽ</u> എന്ന പരിധിയിൽ മാത്രമാണ് ബാധകമാകുന്നത്, ആറാം പ്രവൃത്തി ദിനത്തിന് ശേഷം പുതുതായി UID സൃഷ്ടിക്കുകയോ ചേർക്കുകയോ ചെയ്യുന്ന സാഹചര്യങ്ങൾക്ക് ഇത് ബാധകമല്ല.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 24/06/2024 തീയതിയിൽ വാലിഡ് യു.ഐ.ഡി. ലഭ്യമാക്കിയ 1-ാം ക്ലാസ്സിലെ രണ്ട് കുട്ടികളെക്കൂടി കണക്കിലെടുത്ത് 2024-25 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് ടി സ്കൂളിനെ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി തുടരുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. മേൽ പ്രകാരം പത്തനംതിട്ട, പറക്കോട് എൻ. എസ്. എൽ. പി. എസ്. - മാനേജർ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, എൻ.എസ്.എൽ.പി.എസ്., പറക്കോട്, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അടൂർ, പത്തനംതിട്ട-691 523.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (ജെ.എ.1/192/2026-പൊ.വി.വ.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ1/18/2026-പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
**Signed by Aji Kumar R**
**Date: 02-07-2026 16:33:18**

സെക്ഷൻ ഓഫീസർ